**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – തിരുവനന്തപുരം ജില്ല – കിളിമാനൂർ ഗ്രാമപഞ്ചായത്ത് - കുടിവെള്ള പദ്ധതിയുടെ ഔപചാരിക ഉത്ഘാടനം - തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിന് - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 744/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 17.03.2017

---

പരാമർശം:- 1) അഡ്വ. ബി. സത്യൻ എം.എൽ.എ യുടെ 18/01/2017 ലെ കത്ത്.
2) സ.ഉ.(എം.എസ്) 56/06/തസ്വഭവ തീയതി 16/02/2006.

**<u>ഉത്തരവ്</u>**

പഴയകുന്നുമ്മേൽ, കിളിമാനൂർ, മടവൂർ ഗ്രാമപഞ്ചായത്തുകൾക്കായി 31 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തിയായ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്ഘാടന ചടങ്ങ് സംഘടിപ്പിക്കുന്നതിന് കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ ഉത്ഘാടന ചെലവുകൾക്കായി കിളിമാനൂർ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും 25000/- (ഇരുപത്തി അയ്യായിരം) രൂപ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഉത്ഘാടന കമ്മിറ്റി ചെയർമാൻ വരവ് ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യ പത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി. സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
പ്രസിഡന്റ്, കിളിമാനൂർ ഗ്രാമപഞ്ചായത്ത്, കിളിമാനൂർ, തിരുവനന്തപുരം - 695601.
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (എൽ.എസ്.ജി.ഡി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.